"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>**സംഗ്രഹം**</u>

സാമൂഹ്യനീതി വകുപ്പ് - 28.10.2022-ലെ GO(P) 7/2022/SJD ഉത്തരവിൽ പ്രതിപാദിക്കുന്ന തസ്തികകളിലും തുടർന്ന് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയേക്കാവുന്ന തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തപ്പെടുന്ന നിയമനങ്ങൾക്ക് 4% സംവരണം അനുവദിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.2/2023/SJD തീയതി,തിരുവനന്തപുരം, 09-06-2023

---

പരാമർശം:-

1. 16.08.2020 ലെ GO(P) 16/2020/SJD നമ്പർ ഉത്തരവ്
2. 28.10.2022-ലെ GO(P) 7/2022/SJD നമ്പർ ഉത്തരവ്
3. 16.03.2023 ലെ എക്സ്പെർട്ട് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.
4. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 12.05.2023-ലെ DE/3015/2018-P2 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പരാമർശം (1) ഉത്തരവ് പ്രകാരം, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിനായി വിടാത്ത തസ്തികകളിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തപ്പെടുന്ന എല്ലാ നിയമനങ്ങളിലും ഭിന്നശേഷി വിഭാഗത്തിന് 4 % സംവരണം ഏർപ്പെടുത്തി ഉത്തരവായിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള എല്ലാ നിയമനങ്ങളിലും 4% ഭിന്നശേഷി സംവരണം ബാധകമാക്കുമെന്നും ആയതിനായുള്ള തസ്തികകൾ എക്സ്പെർട്ട് കമ്മിറ്റി ചേർന്ന് തീരുമാനിക്കുന്നതാണെന്നും ടി ഉത്തരവിൽ പ്രതിപാദിക്കുന്നു.

2. 2016-ലെ Rights of Persons with Disabilities Act-ന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ,ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ വിവിധ വകുപ്പുകളിലെ 654 തസ്തികകളിൽ 4% ഭിന്നശേഷിക്കാർക്ക് സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

3. പരാമർശം (3) പ്രകാരമുള്ള എക്സ്പെർട്ട് കമ്മിറ്റി യോഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ഭിന്നശേഷിക്കാർക്കായുള്ള നിയമനം സംബന്ധിച്ച വിഷയം വിശദമായി പരിശോധിക്കുകയും 28.10.2022-ലെ GO(P) 7/2022/SJD ഉത്തരവിൽ പ്രതിപാദിക്കുന്ന തസ്തികകളും തുടർന്ന് കണ്ടെത്തിയേക്കാവുന്ന തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തപ്പെടുന്ന നിയമനങ്ങൾക്കായി കണ്ടെത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി.

4. പരാമർശം 2 ലെ ഉത്തരവ് പ്രകാരവും മറ്റ് ഉത്തരവുകൾ പ്രകാരവും ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള

SOE DE

സ.ഉ.(സാ) നം.2/2023/SJD

സ്ഥിരം/താൽക്കാലിക നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 4 % സംവരണം ഏർപ്പെടുത്തുന്നതിനായി അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (2) പ്രകാരം ,ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ വിവിധ വകുപ്പുകളിലെ 654 തസ്തികകളിലും, തുടർന്ന് functionality assessment നടത്തി ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയേക്കാവുന്ന തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 4% സംവരണം നടപ്പിലാക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറിയറ്റിലെ എല്ലാ വകുപ്പുകൾക്കും(നിയമം, ധനകാര്യം ഉൾപ്പടെ)

എല്ലാ വകുപ്പ് മേധാവികൾക്കും ,

എല്ലാ നിയമനാധികാരികൾക്കും,

സെക്രട്ടറി , കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ (with C/L)

അഡ്വക്കേറ്റ് ജനറൽ,കേരള ഹൈക്കോടതി, എറണാകുളം (with C/L)

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ എംപ്ളോയ്മെന്റ് & ട്രയിനിംഗ് തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം.

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ.ക്ക്.